# വയനാട് കാർഷിക ഗ്രാമ വികസന സമിതി
# (Wayanad Agricultural and Rural Development Association -WARDA )
പുത്തൂർവയൽ പി.ഒ, കൽപ്പറ്റ, വയനാട് –673 121

## (മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ)

ഈ സമിതിയുടെ പ്രവർത്തനം പൂർണമായും 1860–ലെ ഇന്ത്യൻ സൊസൈറ്റീസ് ആക്ട് XX1–ാം വകുപ്പിന് വിധേയമായിരിക്കും. എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെ മാർഗ്ഗ നിർദ്ദേശത്തോടുകൂടിയായിരിക്കും ഈ സമിതിയുടെ പ്രവർത്തനങ്ങൾ.

## 1.പേര്

ഈ സമിതിയുടെ പേര് വയനാട് കാർഷിക ഗ്രാമവികസന സമിതി (Wayanad Agricultural and Rural Development Association- WARDA), പുത്തൂർവയൽ പി. ഒ, കൽപ്പറ്റ, വയനാട് എന്നാകുന്നു. ഈ സമിതി WARDA എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെടുക.

## 2. ആസ്ഥാനം

ഈ സമിതിയുടെ ആസ്ഥാനം താൽക്കാലികമായി വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ നഗരസഭയിൽ, XIV/424(2) - നമ്പർ കെട്ടിടമായിരിക്കും.

## 3. മേൽവിലാസം

WARDA
C/o.വിനായക എസ്റ്റേറ്റ്
പുത്തൂർവയൽ.പി. ഒ
കൽപ്പറ്റ
വയനാട് ജില്ല
പിൻ. 673 121

## 4. പ്രവർത്തനപരിധി

ഈ സമിതിയുടെ പ്രവർത്തനപരിധി വയനാട് റവന്യൂജില്ലയുൾപ്പെടുന്ന നീലഗിരി ബയോസ്ഫിയർ റിസർവ് പൂർണമായുമാകുന്നു.

## 5. ഉദ്ദേശലക്ഷ്യങ്ങൾ

a) സുസ്ഥിര വികസനം മുഖ്യ അജണ്ടയാക്കി ജൈവവൈവിധ്യ സംരക്ഷണത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്കും മുൻതൂക്കം കൊടുത്ത് പൊതുവെ പ്രദേശവാസികളുടെയും പ്രത്യേകിച്ച് സ്ത്രീകളുടേയും ആദിവാസി ജനവിഭാഗങ്ങളുടേയും വികസനത്തിനും ഉന്നമനത്തിനായും പ്രവർത്തിക്കുക.

b) കാർഷിക ഗ്രാമവികസന സംബന്ധിയായ വിഷയങ്ങളെ അധികരിച്ച് വിജ്ഞാനം സമ്പാദിക്കുക, അത് ജനങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കർമ്മമണ്ഡലങ്ങൾ, പ്രവർത്തനരീതികൾ പ്രയോജനപ്രദമായ കൂട്ടായ്മകൾ എന്നിവ തെരഞ്ഞെടുക്കുകയും സ്വായത്തമാക്കുകയും ചെയ്യുക.

c) കാർഷിക ഗ്രാമവികസനം എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, കർഷകർ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ്മ സംഘടിപ്പിക്കുക.

ഒപ്പ്
സെക്രട്ടറി

Bylaw

# വയനാട് കാർഷിക ഗ്രാമ വികസന സമിതി

## ( Wayanad Agricultural and Rural Development Association-WARDA)

പുത്തൂർവയൽ.പി.ഒ, കൽപ്പറ്റ, വയനാട്-673121

Submitted:

1.02/04

The memorandum of Association and the rules and Regulation were verified and found to be correct. It may be realized and the society and the society registered under the Societies Registration Act 21 of 1860.

District Registrar
Wayanad.

GOVERNMENT OF KERALA
CERTIFICATE OF REGISTRATION OF SOCIETIES UNDER SOCIETIES REGISTRATION ACT XXI, 1860.

Serial No.

I hereby certify that the ..............................................................................................................
...........................................................................................................................................
has this day been registrar under the Societies Registration Act.21 of 1860.

Given under my hand at Kalpetta this the ............................................................day of.........................................................................................................two thousand and

Place:

Date:

District Registrar ( General )
Wayanad
(Registrar of Societies)

" Of 200

Serial No.

No. of Document :

No of Document : memorandum of Association.

Date of registration :

DISTRICT EGISTRAR(GENERAL)

Name of Society

d) കാർഷിക ഗ്രാമവികസന ലക്ഷ്യ സാക്ഷാത്കാരത്തിന് ഉതകുന്ന അവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക. നിയമപരമായ അവകാശങ്ങൾ സ്വായത്തമാക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

e) കാർഷിക ഗ്രാമവികസന മുന്നേറ്റത്തിന് ആവശ്യമായ പഠനങ്ങൾ, ഗവേഷണങ്ങൾ, പരീക്ഷണങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുടെ മേൽനോട്ടത്തിൽ നേരിട്ടും അല്ലാതെയും നടപ്പിലാക്കുക. സമിതിയുടെ പ്രവർത്തന മേഖലയിൽ ഇത്തരം കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അർഹമായ പ്രോത്സാഹനം നൽകുക.

f) പ്രവർത്തന മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയവയ്ക്കായി പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.

g) കാർഷിക –കാർഷികേതരമായ നൂതന സാങ്കേതികവിദ്യകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹന നടപടികൾ കൈകൊള്ളുക.

h) കാർഷിക ഗ്രാമവികസന മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾക്ക് ദീർഘവീക്ഷണമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുക. ഇതിനായി വിദഗ്ധരും സമിതി അംഗങ്ങളും ചേർന്ന പഠനസമിതികൾ രൂപീകരിച്ച് വിഷയങ്ങൾ കൈകാര്യം ചെയ്യുക.

i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപദേശക സമിതികളിൽ പ്രവർത്തിക്കാനും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ വിവിധ തലങ്ങളിൽ പങ്കാളികളായി വികസനപ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകുവാനും കഴിവുള്ള വ്യക്തികളെ വാർത്തെടുക്കുക.

j) ജില്ലയുടെ കാർഷിക ഗ്രാമ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾ, പഠനഗവേഷണപ്രവർത്തനങ്ങൾ, നിർവ്വഹണ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു പദ്ധതികൾ എന്നിവ നേരിട്ടു സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ഇതിനായി ആവശ്യമെങ്കിൽ പരിചയ സമ്പന്നവും വിശ്വാസ്യതയാർജ്ജിച്ചതുമായ സംഘടനകളുടെ സഹായവും സഹകരണവും ലഭ്യമാക്കുകയും ചെയ്യുക.

k) സമിതിയെ പ്രതിനിധാനം ചെയ്ത് ഇന്ത്യയ്ക്കകത്തും പുറത്തും സമിതിയുടെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ചും ലക്ഷ്യങ്ങളെ സംബന്ധിച്ചും വിശദമാക്കുവാനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുക.

l) സുസ്ഥിര കാർഷിക ഗ്രാമവികസനത്തിനുതകുന്ന നയം രൂപപ്പെടുത്തി അധികാര കേന്ദ്രങ്ങളിൽ സമർപ്പിച്ച് പ്രായോഗിക പഥത്തിൽ കൊണ്ടുവരുന്നതിന് നയരൂപീകരണ സ്ഥാപനങ്ങളെ സ്വാധീനിക്കുക.

m) കാർഷിക രംഗത്തുണ്ടായികൊണ്ടിരിക്കുന്ന പ്രാദേശികവും, ദേശീയവും, അന്തർദേശീയവുമായ ചലനങ്ങൾ കർഷകർക്കിടയിൽ താമസം വിനാ എത്തിക്കുന്നതിനുള്ള പശ്ചാത്തലസാഹചര്യങ്ങൾ സൃഷ്ടിക്കുക.

n) സമിതിയുടെ പ്രവർത്തനപരിധിയിൽ വരുന്ന സന്നദ്ധസംഘടനകളുടെ ഒരു ശീർഷക സംഘടനയായി പ്രവർത്തിക്കുക.

ഒപ്പ്
സെക്രട്ടറി

o) കാർഷിക രംഗത്ത് ക്രാന്ത ദർശിത്വമുള്ള ഒരു പരിരക്ഷകസംഘടനയായി പ്രവർത്തിക്കുകയും, കാർഷികാപചയപ്രവർത്തനങ്ങൾക്കെതിരെ കർഷക സമൂഹത്തിന് മുന്നറിയിപ്പു നൽകി ഉൽബുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

p) ഗ്രാമതല കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും അവരിലൂടെ ഗ്രാമപ്രദേശങ്ങളിൽ സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുകയും, തനതു വിപണന ശൃംഖലകൾ സൃഷ്ടിക്കുകയും നിലവിലുള്ള സംവിധാനങ്ങളുമായി കണ്ണി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.

q) ആവാസവ്യവസ്ഥാ, നശീകരണ പ്രവർത്തനങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

r) അന്യം വന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത കൃഷി, കൃഷിരീതികൾ, ആരോഗ്യസംരക്ഷണ മാർഗ്ഗങ്ങൾ, ജലസംരക്ഷണമാർഗ്ഗങ്ങൾ തുടങ്ങിയ പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും ശാസ്ത്രസാധൂകരണം നടത്തി സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

s) സർക്കാരിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സാമ്പത്തിക വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും നടപ്പിൽ വരുത്തുകയും പങ്കാളികളാവുകയും ചെയ്യുക

t) മേൽ പരാമർശിക്കപ്പെടാത്തതും എന്നാൽ സംഘടനയുടെ പൊതുവായ ലക്ഷ്യ പ്രാപ്തിക്കുതതുന്നതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ വയനാട് കാർഷിക ഗ്രാമ വികസന സമിതി (Wayanad Agricultural and Rural Development Association- **WARDA**) പുത്തൂർവയൽ പി. ഒ, കൽപ്പറ്റ എന്ന പേരിൽ ഈ കൂട്ടായ്മ രൂപപ്പെടുത്തി പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമിതി മേൽ പ്രസ്താവിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കു വേണ്ടിയായിരിക്കും നിലകൊള്ളുക. ഈ സമിതിയുടെ പ്രവർത്തനം 1860- ലെ ഇന്ത്യൻ സൊസൈറ്റീസ് ആക്ട് XXI-ാം വകുപ്പിന് വിധേയമായിരിക്കും.

--------------------തീയ്യതി താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന സാക്ഷികൾ മുമ്പാകെ ഞങ്ങൾ ഇതിലൊപ്പിട്ടിരിക്കുന്നു.

| ക്രമ നമ്പർ | പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|---|
| 1. | M.P. Sanath kumar | A.B. Estate - MUTTIL Wynad | M.P. Sanath N |
| 2. | M. A. Suyatha | ANUGRAHA Madakkimala Wayanad | Suyatha M |
| ~~3.~~ | | | |
| ~~4.~~ 3 | K.V. DIVAKARAN | CHITRA. ANOTH. POZHUTHANA. 673575 | [signature] |
| 4 | Malitha Moorthy | Manjary Meppady Wayanad | [signature] |
| ~~5~~ 5 | P.J. Chakkachan | pullanthanikal Mullankolly P.O. Pulpally | [signature] |
| ~~6~~ | | | |

ഒപ്പ്
സെക്രട്ടറി
[signature]

6. Dr. N. Anil Kumar, M S Swaminathan Research Foundation [signature]

7 Fr. Robin, Infam, P.B. No. 42, Mananthavady [signature]

8 പള്ളിയറ രാമൻ P.O. കാഞ്ഞിയാമ്പറ്റ [signature]

10

11

12

13

14

15

സാക്ഷികൾ

| ക്രമന: | പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|---|
| 1. | ടി. ബിജു [illegible] | [illegible] | [signature] |
| 2. | K.E. Achuthan Nair [illegible] | Dasedanam, Hudary [illegible] | [signature] |

സ്ഥലം : പുത്തൂർ വയൽ

തീയ്യതി : 25-2-04

മേൽപ്പറഞ്ഞ ഉദ്ദേശലക്ഷ്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന ടി സമിതിയുടെ നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും താഴെചേർക്കുന്നു.

| ക്രമ നമ്പർ | പേര് | മേൽവിലാസം | സ്ഥാനം |
|---|---|---|---|
| 1. | എം.പി. സനത്ത്കുമാർ | എ.ബി. എസ്റ്റേറ്റ് മുട്ടിൽ | ചെയർമാൻ |

[signature]

ഒപ്പ്

സെക്രട്ടറി

| | | |
|---|---|---|
| 2.. | എം. എ സുജാത<br>അനുഗ്രഹ, മടക്കിമല.പി.ഒ | വൈസ് ചെയർമാൻ |
| 3. | കെ.വി.ദിവാകരൻ<br>'ചിത്ര', ആനോത്ത്, പൊഴുതന | സെക്രട്ടറി |
| 4. | പി.ജെ. ചാക്കോച്ചൻ<br>പുല്ലന്താനിക്കൽ വീട്<br>മുള്ളൻകൊല്ലി.പി.ഒ<br>പുൽപ്പള്ളി | ജോ.സെക്രട്ടറി |
| 5. | ശ്രീമതി മഹിതാ മൂർത്തി<br>'മഞ്ജരി' , മൂപ്പനാട്,<br>മേപ്പാടി. പി.ഒ | ട്രഷറർ |
| 6. | ശ്രീ. പള്ളിയറ രാമൻ<br>പള്ളിയറ വീട്<br>കണിയാമ്പറ്റ.പി.ഒ | ഭരണ സമിതി അംഗം |
| 7. | ശ്രീമതി. ടി.കെ.ഓമന<br>ഡയറക്ടർ, രാസ്ത<br>കമ്പളക്കാട്. പിഒ | ഭരണ സമിതി അംഗം |
| 8. | ശ്രീ. യു.സി.ഹുസ്സെൻ<br>പന്തിപ്പൊയിൽ<br>വാരാമ്പറ്റ.പി.ഒ<br>പടിഞ്ഞാറത്തറ | ഭരണ സമിതി അംഗം |
| 9. | ശ്രീ.വി.കേശവൻ<br>ജയ് ഹിന്ദ് കോളനി<br>നത്തം കുനി.പി.ഒ<br>മേപ്പാടി. | ഭരണ സമിതി അംഗം |
| 10. | ശ്രീ. കെ.കെ .ജോർജ്<br>'വോയ്സ്'<br>പി.ബി.നമ്പർ-13<br>സുൽത്താൻ ബത്തേരി | ഭരണ സമിതി അംഗം |

11. ഫാദർ റോബിൻ വടക്കുംചേരി — ഭരണ സമിതി അംഗം
'ഇൻഫാം'
പി.ബി.നമ്പർ.42
മാനന്തവാടി.

12. ശ്രീ .ഇ.കെ.മാധവൻ നായർ — ഭരണ സമിതി അംഗം
കരിഞ്ചോല
തരുവണ.പി.ഒ
വെള്ളമുണ്ട

13. ശ്രീ .എസ്.കെ.ജോൺ — ഭരണ സമിതി അംഗം
'വസുധ'
മൂലങ്കാവ്, സുൽത്താൻ ബത്തേരി

14. ശ്രീ. പി. സുരേഷ് — ഭരണ സമിതി അംഗം
പുത്തൂർ വയൽ കോളനി

15. ഡോ.എൻ.അനിൽ കുമാർ — ഭരണ സമിതി അംഗം
പ്രോഗ്രാം ഡയറക്ടർ
സാമൂഹ്യ കാർഷിക ജൈവവൈവിധ്യ കേന്ദ്രം
പുത്തൂർ വയൽ.പി.ഒ.

# വയനാട് കാർഷിക ഗ്രാമ വികസന സമിതി
# (Wayanad Agricultural and Rural Development Association -WARDA )
### പൂത്തൂർവയൽ പി.ഒ, കൽപ്പറ്റ, വയനാട് –673 121

## (നിയമാവലി)

ഈ സമിതിയുടെ പ്രവർത്തനം പൂർണമായും 1860–ലെ ഇന്ത്യൻ സൊസൈറ്റീസ് ആക്ട് XX1–ാം വകുപ്പിന് വിധേയമായിരിക്കും. എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെയും മാർഗ്ഗ നിർദ്ദേശത്തോടു കൂടിയായിരിക്കും ഈ സമിതിയുടെ പ്രവർത്തനങ്ങൾ.

## 1. പേര്

ഈ സമിതിയുടെ പേര് വയനാട് കാർഷിക ഗ്രാമവികസന സമിതി (Wayanad Agricultural and Rural Development Association- WARDA), പുത്തൂർവയൽ പി. ഒ, കൽപ്പറ്റ, വയനാട് എന്നാകുന്നു. ഈ സമിതി WARDA എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെടുക.

## 2. ആസ്ഥാനം

ഈ സമിതിയുടെ ആസ്ഥാനം താൽക്കാലികമായി വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ നഗരസഭയിൽ, XIV/424(2) - നമ്പർ കെട്ടിടമായിരിക്കും.

## 3. മേൽവിലാസം

WARDA<br>
C/o.വിനായക എസ്റ്റേറ്റ്<br>
പുത്തൂർവയൽ.പി. ഒ<br>
കൽപ്പറ്റ<br>
വയനാട് ജില്ല<br>
പിൻ. 673 121

## 4. പ്രവർത്തനപരിധി

ഈ സമിതിയുടെ പ്രവർത്തനപരിധി വയനാട് റവന്യുജില്ലയുൾപ്പെടുന്ന നീലഗിരി ബയോസ്ഫിയർ റിസർവ് പൂർണമായുമാകുന്നു.

## 5. ഉദ്ദേശലക്ഷ്യങ്ങൾ

a) സുസ്ഥിര വികസനം മുഖ്യ അജണ്ടയാക്കി ജൈവവൈവിധ്യ സംരക്ഷണത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്കും മുൻതൂക്കം കൊടുത്ത് പൊതുവെ പ്രദേശവാസികളുടെയും പ്രത്യേകിച്ച് സ്ത്രീകളുടേയും ആദിവാസി ജനവിഭാഗങ്ങളുടേയും വികസനത്തിനും ഉന്നമനത്തിനായും പ്രവർത്തിക്കുക.

b) കാർഷിക ഗ്രാമവികസന സംബന്ധിയായ വിഷയങ്ങളെ അധികരിച്ച് വിജ്ഞാനം സമ്പാദിക്കുക, അത് ജനങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കർമ്മമണ്ഡലങ്ങൾ, പ്രവർത്തനരീതികൾ പ്രയോജനപ്രദമായ കൂട്ടായ്മകൾ എന്നിവ തെരഞ്ഞെടുക്കുകയും സ്വായത്തമാക്കുകയും ചെയ്യുക.

c) കാർഷിക ഗ്രാമവികസനം എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, കർഷകർ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ്മ സംഘടിപ്പിക്കുക.

ഒപ്പ്<br>
സെക്രട്ടറി

d) കാർഷിക ഗ്രാമവികസന ലക്ഷ്യ സാക്ഷാത്കാരത്തിന് ഉതകുന്ന അവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക. നിയമപരമായ അവകാശങ്ങൾ സ്വായത്തമാക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

e) കാർഷിക ഗ്രാമവികസന മുന്നേറ്റത്തിന് ആവശ്യമായ പഠനങ്ങൾ, ഗവേഷണങ്ങൾ, പരീക്ഷണങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുടെ മേൽനോട്ടത്തിൽ നേരിട്ടും അല്ലാതെയും നടപ്പിലാക്കുക. സമിതിയുടെ പ്രവർത്തന മേഖലയിൽ ഇത്തരം കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അർഹമായ പ്രോത്സാഹനം നൽകുക.

f) പ്രവർത്തന മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയവയ്ക്കായി പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.

g) കാർഷിക –കാർഷികേതരമായ നൂതന സാങ്കേതികവിദ്യകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹന നടപടികൾ കൈകൊള്ളുക.

h) കാർഷിക ഗ്രാമവികസന മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾക്ക് ദീർഘവീക്ഷണമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുക. ഇതിനായി വിദഗ്ധരും സമിതി അംഗങ്ങളും ചേർന്ന പഠനസമിതികൾ രൂപീകരിച്ച് വിഷയങ്ങൾ കൈകാര്യം ചെയ്യുക.

i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപദേശക സമിതികളിൽ പ്രവർത്തിക്കാനും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ വിവിധ തലങ്ങളിൽ പങ്കാളികളായി വികസനപ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകുവാനും കഴിവുള്ള വ്യക്തികളെ വാർത്തെടുക്കുക.

j) ജില്ലയുടെ കാർഷിക ഗ്രാമ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾ, പഠനഗവേഷണപ്രവർത്തനങ്ങൾ, നിർവ്വഹണ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു പദ്ധതികൾ എന്നിവ നേരിട്ടു സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ഇതിനായി ആവശ്യമെങ്കിൽ പരിചയ സമ്പന്നവും വിശ്വാസ്യതയാർജ്ജിച്ചതുമായ സംഘടനകളുടെ സഹായവും സഹകരണവും ലഭ്യമാക്കുകയും ചെയ്യുക.

k) സമിതിയെ പ്രതിനിധാനം ചെയ്ത് ഇന്ത്യയ്ക്കകത്തും പുറത്തും സമിതിയുടെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ചും ലക്ഷ്യങ്ങളെ സംബന്ധിച്ചും വിശദമാക്കുവാനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുക.

l) സുസ്ഥിര കാർഷിക ഗ്രാമവികസനത്തിനുതകുന്ന നയം രൂപപ്പെടുത്തി അധികാര കേന്ദ്രങ്ങളിൽ സമർപ്പിച്ച് പ്രായോഗിക പഥത്തിൽ കൊണ്ടുവരുന്നതിന് നയരൂപീകരണ സ്ഥാപനങ്ങളെ സ്വാധീനിക്കുക.

m) കാർഷിക രംഗത്തുണ്ടായികൊണ്ടിരിക്കുന്ന പ്രാദേശികവും, ദേശീയവും, അന്തർദേശീയവുമായ ചലനങ്ങൾ കർഷകർക്കിടയിൽ താമസം വിനാ എത്തിക്കുന്നതിനുള്ള പശ്ചാത്തലസാഹചര്യങ്ങൾ സൃഷ്ടിക്കുക.

n) സമിതിയുടെ പ്രവർത്തനപരിധിയിൽ വരുന്ന സന്നദ്ധസംഘടനകളുടെ ഒരു ശീർഷക സംഘടനയായി പ്രവർത്തിക്കുക.

o) കാർഷിക രംഗത്ത് ക്രാന്ത ദർശിത്വമുള്ള ഒരു പരിരക്ഷകസംഘടനയായി പ്രവർത്തിക്കുകയും, കാർഷികാപചയപ്രവർത്തനങ്ങൾക്കെതിരെ കർഷക സമൂഹത്തിന് മുന്നറിയിപ്പു നൽകി ഉൽബുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

p) ഗ്രാമതല കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും അവരിലൂടെ ഗ്രാമപ്രദേശങ്ങളിൽ സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുകയും, തനതു വിപണന ശൃംഖലകൾ സൃഷ്ടിക്കുകയും നിലവിലുള്ള സംവിധാനങ്ങളുമായി കണ്ണി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.

ഒപ്പ്/-

സെക്രട്ടറി

q) ആവാസവ്യവസ്ഥാ, നശീകരണ പ്രവർത്തനങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

r) അന്യം വന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത കൃഷി, കൃഷിരീതികൾ, ആരോഗ്യസംരക്ഷണ മാർഗ്ഗങ്ങൾ, മണ്ണ്, ജലസംരക്ഷണ മാർഗ്ഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും ശാസ്ത്രസാധൂകരണം നടത്തി സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

s) സർക്കാരിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സാമ്പത്തിക വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും നടപ്പിൽ വരുത്തുകയും പങ്കാളികളാവുകയും ചെയ്യുക

t) മേൽ പരാമർശിക്കപ്പെടാത്തതും എന്നാൽ സംഘടനയുടെ പൊതുവായ ലക്ഷ്യ പ്രാപ്തിക്കുതതുന്നതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

## 6. ഘടന

ഈ സമിതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കും

a) പൊതുസഭ അഥവാ ജനറൽ ബോഡി
b) ഭരണസമിതി അഥവാ എക്സിക്യൂട്ടീവ്
c) ഉപദേശകസമിതി അഥവാ അഡ്വൈസറി ബോർഡ്

## 7. അംഗത്വം

പതിനെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളവരും ഇന്ത്യൻ പൗരത്വമുള്ളവരും ഈ നിയമാവലി അംഗീകരിക്കുന്നവരുമായ പ്രവർത്തനപരിധിയിൽവരുന്ന സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ, കർഷകർ, സർക്കാരിതര സംഘടനാ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സർക്കാർ പ്രതിനിധികൾ എന്നിവർക്ക് ഈ സമിതിയിൽ അംഗങ്ങളാകാവുന്നതാണ്. സമിതിയുടെ പരമാവധി അംഗത്വം .....51... കവിയരുത്. സമിതിയുടെ അംഗത്വ ഘടന താഴെ പറയുന്ന പ്രകാരത്തിലായിരിക്കും.

എ. <u>സ്ഥാപക അംഗത്വം</u>

1. വ്യക്തിഗത അംഗത്വം
2. സ്ഥാപന പ്രതിനിധി അംഗത്വം
3. എക്സ് ഒഫീഷ്യോ അംഗത്വം

ബി. <u>അസോസിയേറ്റ് അംഗത്വം</u>

സമയാസമയങ്ങളിൽ സ്ഥാപകാംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം പുതിയതായി ചേർക്കപ്പെടുന്ന അംഗങ്ങൾ. ഇവർക്ക് വോട്ടവകാശമുണ്ടായിരിക്കുന്നതല്ല.

ഒപ്പ്
സെക്രട്ടറി

സി. അംഗത്വ ഫീസ്

വ്യക്തിഗത അംഗത്വത്തിന് അംഗത്വഫീസായി 250 രൂപയും വാർഷിക വരിസംഖ്യയായി 50 രൂപയും, സ്ഥാപന പ്രതിനിധി അംഗത്വത്തിന് അംഗത്വ ഫീസായി 500 രൂപയും വാർഷിക വരിസംഖ്യയായി 100 രൂപയും, അസോസിയേറ്റ് അംഗത്വത്തിന് അംഗത്വഫീസായി 25 രൂപയും വാർഷിക വരിസംഖ്യയായി 10 രൂപയും ഒടുക്കേണ്ടതാണ്. എകസ്ഒഫിഷ്യോ അംഗത്വത്തിന് അംഗത്വ ഫീസും വരിസംഖ്യയും നൽകേണ്ടതില്ല. അംഗത്വ ഫീസ് യഥാസമയങ്ങളിൽ പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം പൊതു സഭയ്ക്കുണ്ടായിരിക്കും. അംഗത്വ ഫീസും വരിസംഖ്യയും കുടിശ്ശിക വരുത്തുന്നവരുടെ അംഗത്വം നഷ്ടപ്പെടുന്നതും കൂടാതെ അത്തരത്തിലുള്ളവർക്ക ്വോട്ടവകാശം നിഷേധിക്കുവാനുള്ള അധികാരം ഭരണ സമിതിക്കുണ്ടായിരിക്കും. അംഗത്വം ആഗ്രഹിക്കുന്നവർ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## 8. ജനറൽബോഡി

ഏഴാമത് വകുപ്പിൽ പ്രതിപാദിക്കപ്പെട്ട മാനദണ്ഡങ്ങളോടുകൂടിയ അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ജനറൽ ബോഡി. എന്നാൽ സമിതിയുടെ സ്ഥാപക ജനറൽ ബോഡിയിൽ അംഗങ്ങളായിട്ടുള്ള വർക്കുമാത്രമേ വോട്ടവകാശമുണ്ടായിരിക്കുകയുള്ളൂ. ജനറൽ ബോഡിയിൽ അംഗങ്ങളായി വരുന്ന എക്സ്ഒഫീഷ്യോ അംഗങ്ങൾക്ക് വോട്ടവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ സമിതിയുടെ ജനകീയാടിത്തറ വിപുലപ്പെടുത്തുന്നതിനു വേണ്ടി കൂടുതൽ അംഗങ്ങളെ ടി സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ആവശ്യം തോന്നുന്ന പക്ഷം സ്ഥാപകസമിതി അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരം നിയമാവലി ഭേദഗതി കൂടാതെ കൂടുതൽ അംഗങ്ങളെ വോട്ടവകാശമുള്ള അംഗങ്ങളായി കൂട്ടിചേർക്കാവുന്നതാണ്. ജനറൽ ബോഡിയുടെ കോറം 2/5 അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും. പ്രത്യേക കാരണം വല്ലതുമുണ്ടെങ്കിൽ ചെയർമാനു സ്വന്തമായോ പൊതുസഭ യുടെ 1/5 അംഗങ്ങൾ ആവശ്യപ്പെട്ടാലോ പൊതുസഭ വിളിച്ചു ചേർക്കാൻ ചെയർമാൻ ബാധ്യസ്ഥനാണ്.

ഇങ്ങനെ ജനറൽ ബോഡി വിളിച്ചുചേർക്കാൻ ഭരണ സമിതിയ്ക്ക് 15-ദിവസം മുമ്പ് രേഖാമൂലം അറിയിപ്പ് ലഭിച്ചിരിക്കണം. അടിയന്തിര ഘട്ടങ്ങളിൽ സമയ പരിധി നോക്കാതെ യോഗം വിളിച്ചുചേർക്കാൻ പൊതുസഭയുടെ 1/5 അംഗങ്ങൾക്ക് ഭരണസമിതിയോട് നിർദ്ദേശിക്കാവുന്നതാണ്. സമിതിയുടെ

വാർഷിക ജനറൽ ബോഡി മെയ് 31-ന് മുമ്പ് ചേരുന്നതായിരിക്കും. ജനറൽ ബോഡിയിൽ അദ്ധ്യക്ഷ്യം വഹിക്കുന്നത് സമിതിയുടെ ചെയർമാനായിരിക്കും. ചെയർമാന്റെ അഭാവത്തിൽ വൈസ് ചെയർമാൻ ഈ ചുമതല നിർവഹിക്കുന്നതായിരിക്കും. രണ്ടുപേരുടെയും അഭാവത്തിൽ ജനറൽ ബോഡി തീരുമാനിക്കുന്ന ആൾ അദ്ധ്യക്ഷ്യം വഹിക്കുന്നതായിരിക്കും. ഒരു മെമ്പർക്ക് ഒരു വോട്ടെന്ന നിയമതത്വം ഈ സമിതിക്ക് ബാധകമായിരിക്കും

## 9. ഭരണസമിതി

ഭരണനിർവ്വഹണത്തിനുള്ള പരമാധികാരം ഭരണസമിതിക്കായിരിക്കും. ഭരണസമിതിയുടെ അംഗസംഖ്യ 15 ആയിരിക്കും. സ്ത്രീകൾക്കും ആദിവാസികൾക്കും ഭരണസമിതിയിൽ 20 ശതമാനം വീതം അംഗത്വം ഉറപ്പാക്കേണ്ടതാണ്. സമിതിയുടെ ദൈനംദിന ഭരണനിർവഹണത്തിന് ഭരണ സമിതിക്ക് മാനേജ്മെന്റ് കമ്മിറ്റി എന്ന ഒരു ഉപഘടകമുണ്ടായിരിക്കുന്നതാണ്. ഔദ്യോഗിക ഭാരവാഹികളായി ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, ജോയിൻറ് സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കാവുന്നതാണ്. ഭരണ സമിതിയുടെ കാലാവധി ഒരു വർഷമാണ്. ജനറൽ ബോഡി വിളിച്ചു ചേർക്കൽ, പ്രവർത്തനത്തിനാവശ്യമായ ധനസമാഹരണം, പദ്ധതി രൂപപ്പെടുത്തൽ, പദ്ധതി നടപ്പിൽ വരുത്തൽ, ദൈനംദിന ഭരണനിർവ്വഹണം തുടങ്ങിയവ ഭരണ സമിതിയുടെ അധികാരപരിധിയിൽ വരുന്നവയാണ്. അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ ചെയ്യേണ്ട ഘട്ടത്തിൽ ചെയർമാനും സെക്രട്ടറിയും (ചെയർമാന്റെ അഭാവത്തിൽ വൈസ് ചെയർമാനും, സെക്രട്ടറിയുടെ അഭാവത്തിൽ ജോ.സെക്രട്ടറിയും) കൂടിയാലോചിച്ച് കാര്യഗൗരവമനുസരിച്ച് ചെയ്യേണ്ടതാണ്. തുടർച്ചയായ മൂന്ന് കമ്മിറ്റികളിൽ വ്യക്തമായ കാരണം കാണിക്കാതെ പങ്കെടുക്കാത്ത ഭരണസമിതിയംഗത്തിന്റെ അംഗത്വം നഷ്ടപ്പെടുന്നതാണ്. പകരം അംഗത്തെ നോമിനേറ്റ് ചെയ്യാനും ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മാസത്തിലൊരിക്കൽ ഭരണനിർവ്വഹണ സമിതി യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

ഒപ്പ്-
സെക്രട്ടറി

അടിയന്തിര കാര്യങ്ങൾക്ക് വിശേഷാൽ യോഗം ചേരാവുന്നതാണ്. ഭരണസമിതിയുടെ കോറം 2/5 ആയിരിക്കും. ഭരണസമിതിയിലെ 2/3 അംഗങ്ങൾ ആവശ്യപ്പെട്ടാൽ ഭരണസമിതി വിളിച്ചു ചേർക്കേണ്ടതാണ്. ഭരണസമിതിയിൽ ഒഴിവുവരുന്ന അംഗങ്ങൾക്കു പകരം അംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ അടുത്ത ജനറൽ ബോഡിയിൽ അവത രിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. നയ രൂപീകരണം നടത്തുക, ഭേദഗതിക്കുവേണ്ടി കരടുനിയമാവലി രൂപീകരണം നടത്തുക, കമ്മറ്റികളും സബ് കമ്മറ്റികളും രൂപീകരിക്കുക, ധനസമാഹരണം, ധനവിനി യോഗം, ആസ്തി സമ്പാദനം, സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി ആസ്തികൾ പണയം വെ ക്കുന്നതിനുള്ള അധികാരം മുതലായവ ഭരണസമിതിയിൽ നിക്ഷിപ്തമാണ്. സമിതിയെ നിയമപരമായി പ്രതിനിധീകരിക്കുന്നതിനും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനും അംഗങ്ങളെ ചുമതലപ്പെടുത്തു ന്നതിനുമുള്ള അധികാരം ഭരണസമിതിക്കുണ്ടായിരിക്കുന്നതാണ്. ഉദ്യോഗസ്ഥർ, കൺസൽട്ടൻസ്, മുത ലായവരെ നിശ്ചയിക്കുന്നതിനും അവരുടെ വേതനം തീരുമാനിക്കുന്നതിനും ഭരണസമിതിക്ക് അധി കാരം ഉണ്ടായിരിക്കുന്നതാണ്. അതാതു കാലങ്ങളിൽ ആവശ്യങ്ങൾക്കനുസൃതമായി കർമ്മസമിതികൾ, പ്രവർത്തക സമിതികൾ എന്നിവ നിശ്ചയിക്കുന്നതിനും ഭരണസമിതി ബാധ്യസ്ഥമാണ്. എക്സിക്യൂട്ടീവ് വിളിച്ചു ചേർക്കുന്നതിന് ഏഴു ദിവസം മുൻകൂർ നോട്ടീസ് നൽകിയിരിക്കണം. അടിയന്തിരഘട്ടങ്ങളിൽ ചെയർമാന്റെ വിവേചനാധികാരത്തിൽ സമയ പരിധി നോക്കാതെ ഭരണസമിതി വിളിച്ചുചേർക്കാവുന്ന താണ്. എം.എസ്. സ്വാമിനാഥൻ ഗവേഷണ നിലയം, പുത്തൂർവയൽ സാമൂഹ്യകാർഷിക ജൈവവൈ വിധ്യ കേന്ദ്രത്തിൽ നിന്നും സ്ഥാപന പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടുവരുന്ന കേന്ദ്രം ഡയറക്ടർ ഭരണ സമിതിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗമായിരിക്കും. ഇപ്രകാരം നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗം ഭരണ നിർവ്വഹണസമിതിയിലെ മാനേജ്മെന്റ് കമ്മിറ്റിയിൽ സ്ഥിരാംഗമായിരിക്കും.

**മാനേജ്മെന്റ് കമ്മിറ്റി**

സമിതിയുടെ ദൈനംദിന ഭരണ നിർവഹണ കാര്യങ്ങൾ നിർവഹിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ഔദ്യോഗിക ഭാരവാഹികളും, MSSRF CabC ഡയറക്ടറും ഉൾപ്പെടുന്ന മാനേജ്മെന്റ് സെക്രട്ടറിയറ്റായിരിക്കും. **മാനേജ്മെന്റ് കമ്മിറ്റിയുടെ പരമാവധി അംഗസംഖ്യ 7 ആയിരിക്കും.**

## 10. രക്ഷാധികാര സമിതി

പ്രൊഫസർ എം. എസ്. സ്വാമിനാഥൻ മുഖ്യരക്ഷാധികാരിയായി രാജ്യത്തെ പ്രമുഖ വ്യക്തികളടങ്ങുന്ന അഞ്ചംഗ രക്ഷാധികാര സമിതി ഉണ്ടായിരിക്കുന്നതാണ്.

## 11. ഉപദേശക സമിതി അഥവാ അഡ്വൈസറി ബോർഡ്

സാമൂഹ്യ കാർഷിക ജൈവവൈവിധ്യ കേന്ദ്രത്തിന്റെ പ്രോഗ്രാം അഡ്വൈസറികമ്മിറ്റി ചെയർമാൻ കൂടാതെ ഈ സമിതിക്ക് ജില്ലയിലെ പ്രമുഖരായ വ്യക്തകളടങ്ങിയ ഏഴംഗ ഉപദേശക സമിതി ഉണ്ടായി രിക്കുന്നതാണ്. സമിതിയുടെ ഭരണസമിതി സെക്രട്ടറിയായിരിക്കും ഉപദേശക സമിതിയുടെ കൺവീനർ.

## 12. റിക്കാർഡുകൾ

1. മിനിട്ട്സ് ബുക്ക്
2. ക്യാഷ് ബുക്ക്
3. അസറ്റ് രജിസ്റ്റർ
4. ലഡ്ജറുകൾ
5. അംഗങ്ങളുടെ പേരുവിവര റജിസ്റ്റർ
6. വരിസംഖ്യരജിസ്റ്റർ
7. രസീതുബുക്കുകൾ
8. വൗച്ചർ ഫയൽ

ഒപ്പ്
സെക്രട്ടറി

9. കറസ്പോണ്ടൻസ് ഫയലുകൾ
10. ഇൻവേർഡ് ആൻറ് ഔട്ട് വേർഡ് രജിസ്റ്റർ
11 ഭരണസമിതി അപ്പപ്പോൾ തീരുമാനിക്കുന്ന മറ്റ് രജിസ്റ്ററുകൾ

## 13. അധികാരങ്ങളും ചുമതലകളും

1) **ചെയർമാൻ:** പൊതുയോഗം, ഭരണസമിതിയോഗം എന്നിവ വിളിച്ചു കൂട്ടാനും യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുവാനും സമിതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുവാനും ചെയർമാന് അധികാരമുണ്ടായിരിക്കുന്നതാണ്. ഭരണസമിതി തയ്യാറാക്കുന്ന പ്രമേയങ്ങളിൽ ഒപ്പുവയ്ക്കുന്നത് ചെയർമാനായിരിക്കും. വോട്ടെടുപ്പ് വരുമ്പോൾ വോട്ടുകൾ തുല്യമായിവരുന്ന സാഹചര്യത്തിൽ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുവാനുള്ള അധികാരവും ചെയർമാനുണ്ടായിരിക്കുന്നതാണ്.

2) **വൈസ് ചെയർമാൻ:** ചെയർമാന്റെ അഭാവത്തിൽ ചെയർമാന്റെ എല്ലാ ചുമതലകളും വൈസ് ചെയർമാനായിരിക്കും.

3) **സെക്രട്ടറി:** ചെയർമാന്റെ നിർദ്ദേശത്തോടുകൂടി യോഗങ്ങൾവിളിച്ചു ചേർക്കുക, സമിതിയുടെ വരവുചിലവുകണക്കുകൾസൂക്ഷിക്കുക, സമിതിയുടെ സകല എഴുത്തുകുത്തുകളും നടത്തുക., മിനിട്സ് രേഖപ്പെടുത്തുക, ഭരണസമിതിയുടെ അനുമതിയോടുകൂടി സമിതിയുടെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ മുതലായവ നടത്തുവാനുള്ള പ്രവർത്തന സ്വാതന്ത്ര്യം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. ഉപദേശകസമിതി വിളിച്ചുചേർക്കുന്നതും അതിന്റെ കൺവീനറായി പ്രവർത്തിക്കുന്നതും സെക്രട്ടറിയായിരിക്കും. പ്രത്യേക സാഹചര്യങ്ങളിൽ ഭരണസമിതി നിശ്ച യിക്കുന്ന തുക ഹോണറേറിയമായി സെക്രട്ടറിക്ക് കൈപ്പറ്റാവുന്നതാണ്. ഭരണസമിതി യോഗങ്ങ ളിലും പൊതുസഭായോഗങ്ങളിലും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും അംഗീകാരം തേടുകയും ധനസഹായ ഏജൻസികൾക്ക് പ്രവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുക, ഭരണ സമിതിയുടെ അധികാരത്തോടുകൂടി സമിതിയെ പ്രതിനിധീകരിച്ച് ധനകാര്യസ്ഥാപനങ്ങളുമായി പദ്ധതി സംബന്ധിയായ കാരാറുകളിലും, പ്രമാണങ്ങളിലും മറ്റും ഒപ്പിടുക മുതലായ ഉത്തരവാ ദിത്വം സെക്രട്ടറിക്കുണ്ടായിരിക്കുന്നതാണ്.

4) **ജോയിന്റ് സെക്രട്ടറി:** സെക്രട്ടറിയെ ഔദ്യോഗിക കാര്യങ്ങളിൽ സഹായിക്കുകയും സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ എല്ലാ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതാണ്.

5) **ഖജാൻജി** (ട്രഷറർ): വരവു ചിലവുകണക്കുകൾ ആവശ്യമായരേഖകൾ സഹിതം കൃത്യമായി സൂക്ഷിക്കുകയും ഭരണ സമിതി, പൊതുസഭായോഗങ്ങളിൽ സാമ്പത്തിക സ്ഥിതിവിവരകണക്കു കൾ തയ്യാറാക്കുകയും ഓഡിറ്റിംഗ് മുതലായവ നടത്തിക്കുന്നതിനുള്ള ഉത്തരവാദിത്തം ഖജാൻജിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ. സമിതിക്ക് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങൾക്ക് സമർപ്പക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുക, ബഡ്ജറ്റുകൾ തയ്യാറാക്കുക, മുതലായ ഉത്തരവാദിത്വവും ഖജാൻജിക്കുണ്ടായിരിക്കുന്നതാണ്.

## 14. ബാങ്ക് അക്കൗണ്ട്

ഭരണസമിതിയുടെ തീരുമാനപ്രകാരം സമിതിയുടെ പേരിൽ ചെയർമാൻെറയും സെക്രട്ടറിയുടെയും, ഖജാൻജിടെയും, പേരിലുള്ള ജോയന്റ് അക്കൗണ്ട് തുടങ്ങാവുന്നാതാണ്.

ഒപ്പ്
സെക്രട്ടറി

## 15. സാമ്പത്തികവർഷം

സമിതിയുടെ സാമ്പത്തികവർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ആയിരിക്കും.

## 16. അംഗത്വം നഷ്ടപ്പെടൽ

സമിതിയുടെ നിയമാവലിക്കും പെരുമാറ്റച്ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയും അത്തരം വീഴ്ചകൾക്ക് പ്രസ്തുത അംഗം സമിതിക്ക് തൃപ്തികരമായ വിശദീകരണവും നൽകാത്ത പക്ഷം അത്തരം അംഗത്തെയോ, അംഗങ്ങളെയോ, ഭരണസമിതിയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം നിയമാനുസൃതം നീക്കംചെയ്യാവുന്നതാണ്.

## 17. ഓഡിറ്റിംഗ്

ഈ സമിതിയുടെ വരവ് ചിലവ് കണക്കുകൾ ഭരണസമിതി അതാതുകാലങ്ങളിൽ നിശ്ചയിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

## 18. ഭരണഘടനാ ഭേദഗതി

ഭേദഗതിക്കായി വിളിച്ചു കൂട്ടുന്ന വിശേഷാൽ യോഗത്തിന്റെ 10 ദിവസം മുമ്പ് ഭേദഗതി വരുത്താനുദ്ദേശിക്കുന്ന വസ്തുതയുടെ വിശദവിവരങ്ങൾ സഹിതം ഓരോ പൊതുസഭാ അംഗത്തേയും രേഖാമൂലം അറിയിച്ചിരിക്കണം. അതു പ്രകാരം ചേരുന്ന യോഗത്തിൽ വെച്ച് 2/3 വോട്ടുകളാൽ ഭേദഗതി അംഗീകരിക്കപ്പെടണം. മേൽ യോഗത്തിന് ശേഷം ഒരു മാസത്തെ ഇടവേള വെച്ച് വിളിച്ചു കൂട്ടുന്ന വിശേഷാൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളുടെ 2/3 ഭാഗത്തിന്റെ വോട്ടുകളാൽ ഭേദഗതി സ്ഥിരീകരിക്കപ്പെടുകയും വേണം.

നിയമാവലി ഭേദഗതികൾ നടപ്പിൽ വരുത്തേണ്ടത് ആദായനികുതി കമ്മീഷണരുടെയോ അല്ലെങ്കിൽ ആദായനികുതിനിയമത്തിൽ പ്രതിപാദിക്കുന്നബന്ധപ്പെട്ട അധികാരികളുടെയോഅറിവോടും അനുമതിയോടും കൂടിയായിരിക്കണം.

## 19. ധനശേഖരണം

ധനശേഖരണാർത്ഥം നിയമപരമായ രജിസ്ട്രേഷൻ നടപടികൾ യഥാകാലങ്ങളിൽ കൈക്കൊള്ളേണ്ടതാണ്. സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾക്കുവേണ്ടി താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്താവുന്നതാണ്.

1. അംഗങ്ങളിൽ നിന്നുമുള്ള വരിസംഖ്യ, അംഗത്വ ഫീസ് മുതലായവ
2. പൊതുജനങ്ങളിൽ നിന്നുമുള്ള സംഭാവനകൾ
3. സർക്കാർ, സർക്കാരിതര സാമ്പത്തികസഹായ ഏജൻസികളിൽനിന്നുമുള്ള ഗ്രാന്റുകളും വായ്പ്പകളും
4. ബാങ്കുകൾ മുതലായ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ്പകളും ധനസഹായങ്ങളും.
5. വിവിധതരത്തിലുള്ള വരുമാന വർദ്ധക പദ്ധതികൾ മുഖേന.
6. ഇൻഡ്യ ഗവൺമെന്റ് അംഗീകൃതമായ ദേശീയവും വിദേശീയവുമായ സ്ഥാപനങ്ങളിൽനിന്നുമുള്ള ധനസഹായങ്ങൾ
7. പ്രൊഫഷണൽഫീസ് മുഖേന

ഒപ്പ്
സെക്രട്ടറി

## 20. പിരിച്ചുവിടൽ

ഏതെങ്കിലും കാരണവശാൽ സമിതിയുടെ പ്രവർത്തനം നിലക്കുകയോ, സമിതി പിരിച്ചുവിടുകയോ ചെയ്യുന്നപക്ഷം ബാദ്ധ്യതകൾ തീർത്തശേഷം സമിതിയുടെ സ്വത്തുകൾ സർക്കാരിലേക്കോ സമാന ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾക്കോ കൈമാറുന്നതല്ലാതെ അംഗങ്ങൾക്കിടയിൽ വീതിക്കുകയോ അംഗങ്ങൾ സ്വന്തമായി കൈവശം വെക്കുകയോ ചെയ്യാവുന്നതല്ല. ഭരണനിർവഹണ സമിതിയുടെ തിരുമാന പ്രകാരം പ്രത്യേകം വിളിച്ചു ചേർക്കപ്പെടുന്ന പൊതുസഭയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കണം സംഘടന പിരിച്ചു വിടേണ്ടത്. വിശേഷാൽ വിളിച്ചു ചേർക്കപ്പെടുന്ന പൊതുസഭയിൽ ആകെ അംഗങ്ങളുടെ 2/3 അംഗങ്ങൾ പങ്കെടുക്കണം. അപ്രകാരം വിളിച്ചു ചേർക്കപ്പെടുന്ന വിശാഷാൽ പൊതുസഭയിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ 3/4 ഭൂരിപക്ഷാംഗീകാരവുമുണ്ടായിരിക്കേണ്ടതാണ്.

മുകളിൽ കൊടുത്തിരിക്കുന്നവ 1860–ലെ സൊസൈറ്റീസ് റജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ച് പ്രവർത്തിക്കാനുദ്ദേശിക്കുന്ന വയനാട് കാർഷിക ഗ്രാമ വികസന സമിതി (Wayanad Agricultural and Rural Development –**WARDA**) പുത്തൂർവയൽ പി.ഒ, കൽപ്പറ്റ എന്ന സമിതിയുടെ നിയമാവലിയുടെ ശരിപകർപ്പാണെന്ന് ഞങ്ങൾ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തുന്നു.

| ക്രമന: | പേര് | മേൽ വിലാസം | സ്ഥാനം | ഒപ്പ് |
|---|---|---|---|---|
| 1. | M.P. Sanath Kumar | A.B. Estate, Muttil, Wynad | ചെയർമാൻ | [signature] |
| 2. | M. A. Suyathi | Anugraha, Madakkunnda, Wayanad. | വൈ.ചെയർമാൻ | [signature] |
| 3. | K. V. DIVAKARAN. | CHITRA, ANOTH, POZHUTHANA 673575 | സെക്രട്ടറി | [signature] |

**സാക്ഷികൾ**

| ക്രമന: | പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|---|
| 1. | T. Ravindran | M.S.S.R.F. CAbC, Puthoorvayal, Kalpetta. | [signature] |
| 2. | V. O. Achuthan Nalam | Devadaram Hudung, Nayarkadi | [signature] |

സ്ഥലം : പുത്തൂർവയൽ

തീയ്യതി 25.2.ഒപ്പ്

ഒപ്പ്.

സെക്രട്ടറി